# ചോദ്യ ? ചിഹ്നം

ടി. കെ. മുഹമ്മദ്, III B. A.

നിങ്ങളാരാലും അറിയപ്പെടാത്ത ഒരു വ്യക്തിയാണ് ഞാൻ. ഒരു രാഷ്ട്രീയനേതാവിനെപ്പോലെയൊ, ഒരു ഫിലിം സ്റ്റാറിനെപ്പോലെയൊ അല്ലെങ്കിൽ ഒരു മികച്ച സ്പോർട്ട്സ് മേനെപ്പോലെയൊ എനിക്കു പ്രശസ്തിയില്ല, പെരുമയില്ല. ഞാനൊരു പാവപ്പെട്ടവനാണ്. ജീവിതത്തിന്റെ വ്യത്യസ്തതലകളിലേക്കു നുഴഞ്ഞുകയറാൻ വെമ്പിക്കൊണ്ടിരിക്കുന്ന ഒരു പാവപ്പെട്ട തൊഴിലാളി.

എനിക്കൊരു ജോലിയുണ്ടായിരുന്നു. എന്റെ ജോലിയെ പലർക്കും പുച്ഛമായിരുന്നു. പക്ഷെ ഒരു അരിവെപ്പുകാരനെന്ന നിലയിൽ ഞാൻ തികച്ചും അഭിമാനം കൊണ്ടു. ഞാൻ സംതൃപ്തിയോടുകൂടിത്തന്നെ എന്റെ ജോലി നിർവ്വഹിച്ചുവന്നിരുന്നു.

ഞങ്ങളുടെ നാട്ടിൽ ഒരു ഒന്നാംകിട വ്യവസായപ്രമുഖനുണ്ട്. ഒരന്യനാട്ടുകാരനായ അദ്ദേഹത്തിന്റെ പാചകനായിരുന്നു ഞാൻ. മാസത്തിൽ അഞ്ചുറുപ്പിക ശമ്പളം കിട്ടും. ഭക്ഷണത്തിനും പ്രത്യേകം ചിലവൊന്നുമില്ല. എന്റെ മുതലാളിയെക്കുറിച്ച് എനിക്കു വലിയ മതിപ്പാണ്. അദ്ദേഹത്തിനും എന്റെ പാചകത്തിൽ തികഞ്ഞ വിശ്വാസമുണ്ട്.

* * * * *

ഭാരതത്തിന്റെ പുതിയ ഭരണകർത്താക്കളെ തിരഞ്ഞെടുക്കുന്നതിൽ ജനത ആകമാനം അത്യുത്സുകരായിരിക്കുകയാണ്. ഓരോ രാഷ്ട്രീയപാർട്ടിക്കാരും അവരവരുടെ സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുന്നു. എങ്ങും പ്രചരണയോഗങ്ങൾ. മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടുള്ള നീണ്ടുനീണ്ടു പോകുന്ന ഘോഷയാത്രകൾ. ഭീമമായ തോതിലുള്ള മററു പ്രചരണങ്ങൾ—ഇവയൊക്കെ സാധാരണയായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടം.

എനിക്കു മാത്രം ഈ കാര്യങ്ങളിലൊന്നും അത്രവലിയ ഉത്സാഹമോ ആവേശമോ ഉണ്ടായില്ല. രാഷ്ട്രീയമെന്നതെന്തെന്നുപോലും എനിക്കറിഞ്ഞുകൂടായിരുന്നു. ഞാൻ പള്ളിക്കൂടത്തിൽ പോയിട്ടില്ല. അതു കാരണം രാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് വായിച്ചു പഠിക്കുക എന്നതു തീരെ സാദ്ധ്യമല്ലായിരുന്നു. ബീഡിതിരപ്പുകാരൻ ആലിയും കമ്പളമൊയ്തീനും മററും ഉയർന്ന രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതു കാണുമ്പോൾ ഞാൻ ലജ്ജിച്ചുപോകാറുണ്ട്. അവരും എന്നെപ്പോലെ പഠിപ്പില്ലാത്തവരാണ്. എന്നിട്ടും അവർക്ക് രാഷ്ട്രീയത്തിൽ അപാരമായ പാണ്ഡിത്യം. അവരുടെ ബുദ്ധി കെട്ടിക്കിടക്കുന്നില്ല. അതു വിശാലമായി സഞ്ചരിക്കുന്നു. വേണ്ടുന്നതൊക്കെ ആവശ്യംപോലെ ഗ്രഹിച്ചെടുക്കാം. പക്ഷെ എന്റെ ലോകം സങ്കുചിതമാണ്. അടുക്കളയുടെ കറുത്തിരുണ്ട നാലു മതിൽക്കെട്ടുകൾക്കുള്ളിൽ എന്റെ ബുദ്ധിയെ അടക്കിയിട്ടിരിക്കയാണ്.

ദിവസങ്ങൾ അധികം കഴിഞ്ഞില്ല. വോട്ടെടുപ്പിന്റെ ദിവസം വന്നു. ഒരു പുത്തൻ പുലരിയായിരുന്നു അന്ന്. സർവ്വത്ര ആഹ്ലാദപ്രകടനങ്ങൾ. ഒരു കൊച്ചുപട്ടണമായിരുന്ന ഞങ്ങളുടെ നാട്ടിന്ന് അന്നു കൂടുതൽ ജീവസ്സുള്ളതായി തോന്നി. പല വർണ്ണങ്ങളിലുള്ള പതാകകൾ പറപ്പിച്ചുകൊണ്ടു പാഞ്ഞുകളിക്കുന്ന കാറുകൾ വാഹനഗതാഗതം വർദ്ധിപ്പിച്ചു.

എന്റെ മുതലാളിയുടെ പീടികയ്ക്കു തൊട്ട് ഒരു സ്കൂളുണ്ട്. വോട്ടുചെയ്യാനായി രാവിലെ മുതൽ ആവേശഭരിതരായ ആളുകൾ 'ക്യൂ'വിൽ നില്ക്കുന്നുണ്ട്. ചുട്ടുപൊള്ളുന്ന വെയിലിനെ

പ്പോലും അഗണ്യമാക്കിക്കൊണ്ട് ഒരുഭാഗത്ത് പുരുഷന്മാരും മറുഭാഗത്ത് പർദ്ദയിട്ട സ്ത്രീകളും നിരന്നുനില്ക്കുന്നു.

ഉച്ചതിരിഞ്ഞു. എന്റെ ജോലിയെല്ലാം കഴിച്ച് ഊണും കഴിഞ്ഞു ഞാൻ പീടികയിൽ നിന്നും പുറത്തിറങ്ങി. ഒരു ബീഡിയും പുകച്ചു ഞാൻ സ്കൂളിന്നടുത്തുള്ള ഒരു മരത്തിൽ ചാരി നിന്നു. ആഹ്ലാദഭരിതരായി പലരും വോട്ടുചെയ്യാനായി ചെല്ലുന്നു. ചിലർ കൃതാർത്ഥരായി തിരിച്ചുപോരുന്നു. ചെത്താപ്പുപോലെ തല മൂടുന്ന പോലീസുകാരേയും അവിടവിടെ കാണാമായിരുന്നു.

ആരോ എന്റെ പുറത്തു വന്നു തട്ടി വിളിച്ചു. ഞാൻ തിരിഞ്ഞുനോക്കി. രാഷ്ട്രീയക്കാരൻ കമ്പളമൊസ്ലീൻ. പുഞ്ചിരിച്ചുകൊണ്ട് അയാൾ എന്റെ കൈ പിടിച്ചു കൊണ്ടുപോയി. ഓലകൊണ്ട് താൽക്കാലികമായി കെട്ടിയുയർത്തിയ ഒരിടത്തേക്കു ഞങ്ങൾ ചെന്നു കയറി.

ഞങ്ങളുടെ നാട്ടിലെ ഏററവും ബഹുമാന്യനായ ബോർഡ് പ്രസിഡണ്ട് അവിടെ ഒരു കസേരയിൽ ഇരിപ്പുണ്ടായിരുന്നു. ഞാൻ ചുണ്ടിലുണ്ടായിരുന്ന ബീഡിക്കുററി വലിച്ചെറിഞ്ഞു. പ്രസിഡണ്ട് ഒരു പുസ്തകത്തിൽ നോക്കി എന്തൊക്കെയോ കുത്തിക്കുറിക്കുകയാണ്. ചുററും മററ നാലധി ആളുകളുമുണ്ട്. ഞാൻ പ്രസിഡണ്ടിന്റെ മുമ്പിൽ വിനീതനായി നിന്നു. അദ്ദേഹം എന്റെ മുഖത്തു നോക്കി ഒരു പുഞ്ചിരിയോടെ "ആ! അവിടെ ഇരിക്കൂ" എന്നു പറഞ്ഞു. അടുത്തു കിടന്നിരുന്ന ഒരു ബെഞ്ചിലുണ്ടായിരുന്ന കുറെ പേർ ഒരു വശത്തേക്കു നീങ്ങി. ഞാൻ ഒരു തലയ്ക്കലിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു കഷ്ണം കടലാസ് അദ്ദേഹം എനിക്കു നീട്ടിക്കാണിച്ചു. ഞാൻ വിനീതനായിത്തന്നെ അതു വാങ്ങി. അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു "അപ്പുഴേ, ഇതെന്തിനാണെന്നു മനസ്സിലായോ ?"

ഞാൻ മിഴിച്ചിരുന്നതേയുള്ളു.

"ഒരു വോട്ടു ചെയ്യാനാ, കേട്ടോ!" അദ്ദേഹം തന്നെ വിശദമാക്കി.

അപ്പോഴും ഞാനൊന്നും പറഞ്ഞില്ല. അദ്ദേഹം എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരു മാന്യനാണ്. ഞാനദ്ദേഹത്തോട് എന്തെങ്കിലും അങ്ങോട്ടു ചോദിക്കുക. അതൊരു മര്യാദക്കേടാണ്. ഞാൻ മിണ്ടാതെയിരുന്നു.

"എന്താ കഴിയില്ലേ ?" അദ്ദേഹത്തിന്നൊരു സംശയം.

"ഓ" ഞാൻ തലയാട്ടി ഉത്തരം പറഞ്ഞു. "പേടിക്കാനൊന്നുമില്ല. എല്ലാം ഈ കടലാസ്സിലെഴുതിയിട്ടുണ്ട്. പേര് ചോദിച്ചാൽ താഴ്ത്തയിൽ കുഞ്ഞഹമ്മദ് എന്നു പറഞ്ഞോളൂ. വയസ്സ് മുപ്പത്. ബാപ്പാന്റെ പേരു ചോദിച്ചാൽ തേറയിൽ അസ്സൻ എന്നും പറഞ്ഞോളൂ." ഒരൊററ വീർപ്പിൽ പറഞ്ഞുതീർത്തുകൊണ്ട് അദ്ദേഹം എന്നോടു ചോദിച്ചു. "എന്താ മനസ്സിലായോ ?" ഞാൻ അപ്പോഴും തലയാട്ടി.

അദ്ദേഹം വീണ്ടും പേരും മററും പറയേണ്ടതിനെ ഒരിക്കൽകൂടി പറഞ്ഞു കേൾപ്പിച്ചു ന്നു. എന്നെക്കൊണ്ടുതന്നെ അദ്ദേഹം ഒന്നുരണ്ടു തവണ പറയിപ്പിച്ചു. ഒടുവിൽ വോട്ടുചെയ്യേണ്ട മാതിരിയും ഏതു പെട്ടിയിലാണ് വോട്ടു നിക്ഷേപിക്കേണ്ടതു് എന്നുമെല്ലാം വളരെ നന്നായി അദ്ദേഹം എനിക്കു മനസ്സിലാക്കിത്തന്നു. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ പാർട്ടിക്ക് ഞാനൊരു കള്ളവോട്ടു ചെയ്യണം.

"എനിക്കു സമയമില്ല" എന്ന് അദ്ദേഹത്തോടു പറയണമെന്നു തോന്നി. കാരണം പീടികയിലെത്തിയിട്ടു വേണം മുതലാളിക്ക് ചായ തയ്യാറാക്കാൻ. പക്ഷെ ഞാൻ അദ്ദേഹത്തോടു ഒന്നും പറഞ്ഞില്ല. സർവ്വരാലും അതിരററ് ആദരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ വാക്കിനെ

ഞാൻ നിരസിക്കുകയോ ? അതൊരിക്കലും പാടില്ല. എനിക്കു തന്ന കടലാസും കൈയിലെടുത്തു ഞാൻ 'ക്യൂ'വിൽ ചെന്നു നിന്നു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഞാൻ പോളിങ്ങ് ബൂത്തിന്നകത്തെത്തി. അതിനുള്ളിൽ കുറെ പേർ അവിടെയുമിവിടെയുമായി ഇരിക്കുന്നുണ്ടായിരുന്നു. ഒന്നുരണ്ടു പേർ എനിക്കു പരിചയമുള്ള മുഖങ്ങളാണ്. ഞാൻ അകത്തിരിക്കുന്ന ഓഫീസർക്ക് എന്റെ കൈയിലുണ്ടായിരുന്ന കടലാസ് നീട്ടിക്കാണിച്ചു. അദ്ദേഹം എന്നോടു പേർ ചോദിച്ചു. ഞാൻ എന്നെ പഠിപ്പിച്ചതെല്ലാം ഒരു തത്തയെപ്പോലെ പറഞ്ഞുതീർത്തു. അയാളെന്റെ മുഖത്തേക്കു നോക്കി. അപ്പോഴേക്കും അകലെയിരുന്നിരുന്ന എന്നെപ്പരിചയമുള്ള ഒരു മുഖം എഴുന്നേററുനിന്നു എന്തൊക്കെയൊ പറഞ്ഞുതുടങ്ങി. നിമിഷങ്ങൾ നീണ്ടിയില്ല. അവിടെ എന്റെ പേരിനെക്കുറിച്ചും മററും ഒരു വലിയ വാഗ്വാദമുണ്ടായി. എതിർകക്ഷിസ്ഥാനാർത്ഥിയുടെ ഏജണ്ട് എന്റെ ശരിയായ പേർ അതല്ലെന്നും മററും പറഞ്ഞു 'ചാലഞ്ചു' ചെയ്തുകഴിഞ്ഞിരുന്നു. ഞാൻ ആകെ നിന്നു വിയർക്കുകയായിരുന്നു. ഓഫീസർ എന്നോടെന്തൊക്കെയോ ചോദിച്ചുകൊണ്ടിരുന്നു. എനിക്കൊന്നും മിണ്ടാൻ കഴിഞ്ഞില്ല. എന്റെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു. ഒടുവിൽ എന്നോടു അവിടെത്തന്നെ ഒരു മൂലയിൽ ചെന്നു നില്ക്കാൻ പറഞ്ഞു.

പലരും വോട്ടുചെയ്തു തിരിച്ചുപോയി. എന്നെ മാത്രം ആ മൂലയിൽ നിർത്തിയിരിക്കുകയാണ്. അല്പനേരം കഴിഞ്ഞു രണ്ടു പോലീസുകാർ വന്നു എന്നെ പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഞാൻ ആകെ തളർന്നുപോയി. എന്റെ ചുററും കറങ്ങുന്നതായി എനിക്കു തോന്നി. ഒന്നും മനസ്സിലാകാത്ത ഒരന്തരീക്ഷം. കണ്ണുകൾ മഞ്ഞളിക്കുന്നു.

ഗെയിററിനു പുറത്തു രണ്ടു വരിയായി തോക്കുകളും ചുമലിലേന്തിയ റിസർവ്വ് പോലീസ് എന്നെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. എന്റെ കൈകളിൽ വിലങ്ങുവെച്ചു. ഞാൻ ദയനീയമായി പൊട്ടിക്കരഞ്ഞു.

എന്റെ ചുററും റിസർവ്വ് പോലീസ് നിരന്നുനില്ക്കുന്നു. തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു അവരോടൊപ്പം ഞാൻ മുന്നോട്ടു നീങ്ങി.

നേരം ഇരുട്ടി. കരഞ്ഞു കരഞ്ഞു കലങ്ങിയ കണ്ണുകളോടെ ഞാനൊന്നു തലയുയർത്തി നോക്കി. നീണ്ട ഇരുമ്പഴികൾ എന്നെ നോക്കി പല്ലിളിക്കുന്നു.

ചുററും കനത്ത ഇരുട്ട്. എന്റെ ഹൃദയത്തിലും ഇരുൾ ചുരുണ്ടു കയറുകയാണ്. പക്ഷെ ഒരു നേരിയ വെളിച്ചം ഉദിച്ചുയരുന്നു. എന്റെ ഉമ്മ. വാത്സല്യനിധിയായ എന്റെ പ്രിയപ്പെട്ട ഉമ്മയുടെ ചിത്രം.

വൃദ്ധയായ അവരിപ്പോൾ കുടിയിൽ തിരിച്ചെത്തിയിരിക്കും. പകൽ മുഴുവനും അയൽവീടുകളിൽ നെല്ലു കുത്തിയും മററും കിട്ടിയ അരിയുമായി സന്ധ്യ മയങ്ങുമ്പോഴേക്കും ഉമ്മ കുടിലിൽ തിരിച്ചെത്തും. സ്വന്തം കൈകളാൽ എന്തെങ്കിലും വെച്ചുണ്ടാക്കും. എന്നിട്ട് എന്റെ വരവും കാത്ത് അവരങ്ങിനെ ഇരിക്കും. ഞാനെത്തിയ ഉടനെ ഒരു പലകയിട്ട് എന്നെ ഇരുത്തി ആററിക്കുറുക്കിയ കഞ്ഞിയും എന്തെങ്കിലും കൂട്ടാനും എന്റെ മുമ്പിലേക്കു നീക്കിവെക്കും.

ആവി പൊന്തുന്ന കഞ്ഞി ഞാൻ മോന്തിമോന്തി കുടിക്കുമ്പോൾ അരികിലുള്ള കട്ടിലിലിരുന്ന് ഉമ്മ എന്നെത്തന്നെ സൂക്ഷിച്ചുനോക്കുന്നുണ്ടാവും. ആ തിളങ്ങുന്ന ദൃഷ്ടികളിൽ കണ്ണുനീർ പൊടിഞ്ഞുവരും. എന്നെക്കുറിച്ച് അവരെന്തൊക്കെയോ സ്വപ്നങ്ങൾ കാണുകയായിരിക്കാം. ഇപ്പോൾ അവരെന്നെ കാത്തിരിക്കുന്നുണ്ടാവും.

"ഉം, എണീക്കടോ." ഞാൻ ഞെട്ടി എഴുന്നേററു. ഒരു പോലീസുകാരൻ. അയാൾ എന്നെ പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോഴും ഞാൻ തേങ്ങിക്കൊണ്ടിരുന്നു. കരഞ്ഞു കരഞ്ഞു് എൻെറ കൺപോളകൾ കനം തൂങ്ങിയിരുന്നു. ഞാനൊന്നും മിണ്ടാതെ അയാളുടെ പിന്നാലെ ചെന്നു.

* * * * *

മാസം മൂന്നു കഴിഞ്ഞു. കണ്ണൂർ സെൻട്രൽ ജെയിലിൽനിന്നും ഞാൻ നാട്ടിൽ തിരിച്ചെത്തി. നേരിട്ടു് കുടിലിലേക്കു ചെന്നു. എൻെറ ഉമ്മ കട്ടിലിൽ മൂടിപ്പുതച്ചു കിടക്കുകയാണു്. എന്നെക്കണ്ടപ്പോൾ അവർ ധൃതിയിൽ എഴുന്നേററിരുന്നു. കൈകൾ നീട്ടി എന്നെ കെട്ടിപ്പുണർന്നു. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ഞാൻ ആ മാറിടത്തിൽ അമർന്നു. ഉമ്മ കണ്ണീരൊഴുക്കുകയാണു്. ഞാനും അറിയാതെ കരഞ്ഞുപോയി. അവരുടെ ദേഹത്തിനു വല്ലാത്ത ചൂടുണ്ടു്. ഞാൻ നെററിയിൽ കൈവെച്ചു നോക്കി. കഠിനമായി പനിക്കുന്നു. അവരുടെ ദേഹം വളരെയധികം ശോഷിച്ചിരിക്കുന്നു.

ഒരു വൈദ്യനെ വിളിച്ചു ഉമ്മയെ കാണിപ്പിക്കണം. ഞാൻ പുറത്തേക്കിറങ്ങി. നേരെ മുതലാളിയുടെ പീടികയിലേക്കു ചെന്നു. അദ്ദേഹം എന്നെക്കണ്ടപ്പോൾ ഒന്നു പുഞ്ചിരിച്ചു. എന്നോടു് പലതും ചോദിച്ചറിഞ്ഞു. ഒടുവിൽ അദ്ദേഹം പറഞ്ഞു "നീ പോയപ്പോൾ ഞാൻ വേറെ ആളെ നിയമിച്ചു. എനി ഇപ്പോൾ അയാളെ പിരിച്ചുവിടാൻ സാദ്ധ്യമല്ലല്ലൊ. അതുകൊണ്ടു് നീ വേറെ എവിടെയെങ്കിലും പോയി ജോലിനോക്കു്. ആവശ്യമുള്ളപ്പോൾ ഞാൻ വിളിക്കാം."

ഞാനല്പം സ്തംഭിച്ചു നിന്നു. ഉമ്മാൻെറ സുഖക്കേടിനെക്കുറിച്ചും മററും അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ഒരുറുപ്പിക എൻെറ നേർക്കു നീട്ടി. ഞാൻ അതും വാങ്ങി തിരിച്ചുപോന്നു.

ദുഃഖപൂർണ്ണങ്ങളായ ദിവസങ്ങൾ. അവസ്ഥക്കു വേഗതയില്ല. ഞാൻ ജോലിക്കു വേണ്ടി പലേടത്തും കയറിയിറങ്ങി. ഒരു ദിവസം മാന്യനായ ആ ബോർഡു് പ്രസിഡണ്ടിനെത്തന്നെ ഞാൻ സമീപിച്ചു. ഒരു തോട്ടിയുടെ ജോലിയിലെങ്കിലും എന്നെ നിയമിക്കണമെന്നു ഞാനദ്ദേഹത്തോടു താണുകേണപേക്ഷിച്ചു. അദ്ദേഹത്തിനു എന്നെ പരിചയംപോലുമില്ല. പഞ്ചായത്തു ബോർഡു് ഉഴലുന്നവർക്കു ജോലികൊടുക്കാനുള്ളതല്ലെന്നാണു് അദ്ദേഹം എന്നോടു പറഞ്ഞതു്. ഞാൻ തിരിച്ചുപോന്നു.

എൻെറ ഉമ്മായുടെ സുഖക്കേടു് വർദ്ധിക്കുകയാണു്. ജോലിയില്ലാത്ത എനിക്കു അവരെ ചികിത്സിക്കാൻ വഴിയില്ല. ഒരു ചില്ലിക്കാശുപോലും എൻെറ പക്കലില്ല. എൻെറ ഉത്തരവാദിത്വത്തെ ചോദ്യം ചെയ്തുകൊണ്ടു് ആ തിളങ്ങുന്ന ദൃഷ്ടികൾ എന്നെത്തന്നെ നോക്കുകയാണു്. ഞാൻ വ്യസനിച്ചു ലജ്ജിച്ചു തല താഴ്ത്തുന്നു. അല്ലാതെ ഞാനെന്തു ചെയ്യും?